ഉത്തരം

(എ) 100 രൂപയാണ്. ഇത് 150 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

(ബി) ഉണ്ട്.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

എസ്. എൻ. സി. ലാവ്‌ലിൻ കമ്പനിയുമായി ഉണ്ടാക്കിയ കരാർ

123 (890) ശ്രീ. ടി. എം. ജേക്കബ് :
പ്രൊഫ. എ. വി. താമരാക്ഷൻ :
ശ്രീ. ബാബു ദിവാകരൻ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എൻ. സി. ലാവ്‌ലിൻ കമ്പനിയുമായി ഏതെല്ലാം കരാറുകളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുക്കി നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കരാറുകൾക്കെല്ലാം കൂടിയുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) കുറ്റ്യാടി ഒന്നാംഘട്ടം എക്സ്റ്റൻഷൻ പ്രോജക്ടിന് ആവശ്യമായ ജനറേറ്റർ എസ്. എൻ. സി ലാവ്‌ലിൻ കമ്പനി മുഖേന ഇറക്കുമതി ചെയ്യുന്നതിന് എന്നാണ് തീരുമാനിച്ചെതെന്ന് വെളിപ്പെടുത്തുമോ ; പ്രസ്തുത മെഷിനറി എന്നാണ് ഇറക്കുമതി ചെയ്തത് ; അതിനു എന്തു തുക ടാക്സ്, ഡ്യൂട്ടി എന്നിവ ഉൾപ്പടെ ചെലവായി എന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ പ്രോജക്ടിന് ആവശ്യമായ മെഷിനറി ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനമായ സി.എച്ച്.ഇ.എൽ 25 കോടി രൂപയ്ക്ക് നൽകാമെന്ന് സർക്കാരിനെ അറിയിച്ചിരുന്നുവോ ;

(ഇ) എങ്കിൽ പ്രസ്തുത കത്തിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കാമോ ?

ഉത്തരം

(എ) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണത്തിന് വേണ്ടി മുൻസർക്കാരിന്റെ കാലത്ത് 24-2-96-ൽ ഒപ്പുവച്ച കരാറിന് അനുബന്ധമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 10-2-1997-ലും, 6-7-1998-ലും ഓരോ കൂട്ടിച്ചേർക്കലുകൾ കൂടി ഒപ്പുവച്ചിട്ടുണ്ട്.

(ബി) ടി ജോലികൾക്കുള്ള മൊത്തം കരാർ തുക 5,99,48,740 കനേഡിയൽ ഡോളറാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 24-2-96 ലാണ് ജനറേറ്റർ ഇറക്കുമതി ചെയ്യുന്നതിന് തീരുമാനിച്ചത് 1998 മുതൽ മെഷീനറി വന്നു തുടങ്ങി, ഇതുവരെ ഇറക്കുമതി ചെയ്ത ഭാഗങ്ങൾക്ക് ടാക്സ്, ഡ്യൂട്ടി ഉൾപ്പെടെ 1,98,80,308 കനേഡിയൽ ഡോളർ ചെലവായിയെന്നാണ് ബോർഡിൽ നിന്ന് അറിയിച്ചിട്ടുള്ളത്.

(ഡി) സർക്കാരിനെ അങ്ങനെ അറിയിച്ചിരുന്നതായി അറിവില്ല.

(ഇ) പ്രസക്തമല്ല.

കഴിഞ്ഞ സാമ്പത്തികവർഷം ഉൽപ്പാദിപ്പിച്ച വൈദ്യുതി

124 (892) ശ്രീ. ടി. എം. ജേക്കബ് :
പ്രൊഫ. എ. വി. താമരാക്ഷൻ :
ശ്രീ. ബാബു ദിവാകരൻ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ ഗാർഹിക കാർഷിക വ്യവസായിക വാണിജ്യ ആവശ്യങ്ങൾക്ക് എത്ര യൂണിറ്റ് വൈദ്യുതി വീതം നൽകിയെന്ന് വ്യക്തമാക്കാമോ ;

(സി) വൈദ്യുത ചാർജ്ജ് ഇനത്തിൽ ഈ കാലയളവിൽ ഗാർഹിക, കാർഷിക വ്യാവസായിക, വാണിജ്യ മേഖലകളിൽ നിന്നും എന്തു തുക വീതം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) വാണിജ്യാവശ്യങ്ങൾക്കുള്ള വൈദ്യുതി നിരക്ക് ഇൻഡ്യയിൽ ഏറ്റവും കൂടുതൽ കേരളത്തിലാണെന്നുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) വാണിജ്യാവശ്യത്തിന് ഇന്ത്യയിലെ മറ്റു സ്ഥാപനങ്ങളിൽ ഈടാക്കുന്ന ചാർജ്ജ് എത്ര വീതമാണെന്ന് അറിവുണ്ടോ ; ഉണ്ടെങ്കിൽ എത്ര വീതമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 8903.4 മി.യൂ

(ബി&സി) 1999-2000-ലെ കണക്കുകൾ തയ്യാറായി വരുന്നതേയുള്ളൂ. ഫൈനൽ കണക്കുകൾ തയ്യാറാകുന്ന മുറയ്ക്ക് നൽകുന്നതാണ്.

(ഡി) ഇല്ല

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly